**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 837** **25.01.2018-ൽ മറുപടിയ്ക്ക്**

**സാമൂഹിക പഠനമുറി പദ്ധതി**

**ചോദ്യം**
**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ ഊരുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന സാമൂഹിക പഠനമുറി പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | തെരഞ്ഞെടുക്കപ്പെട്ട 100 കോളനികളിൽ 100 സാമൂഹ്യ പഠനമുറികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒട്ടാകെ 600 സാമൂഹ്യപഠനമുറികൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്പോൾ തെരഞ്ഞെടുത്ത സാമൂഹ്യ പഠനമുറികളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | ഇതിനകം എത്ര പട്ടികവർഗ്ഗ ഊരുകളിൽ പദ്ധതി നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; | ബി) | തെരഞ്ഞെടുക്കപ്പെട്ട 100 കോളനികളിൽ 35 സാമൂഹ്യ പഠനമുറികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ജനുവരി 31-നകം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. പൂർത്തീകരിച്ചവയിൽ തെരഞ്ഞെടുത്ത ട്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിൽ നടന്നു വരുന്നു. |
| സി) | ഇതിലൂടെ പട്ടികവർഗ്ഗ ഊരുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായ ഉയർച്ച വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) | നടപ്പ് അധ്യയന വർഷത്തിൽ മാത്രമാണ് പദ്ധതി ആരംഭിക്കുന്നത്. അതിനാൽ അടുത്ത അധ്യയന വർഷം മാത്രമേ വിദ്യർത്ഥികളുടെ നിലവാരത്തിലുള്ള ഉയർച്ച വിലയിരുത്താൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| ഡി) | പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ? | ഡി) | പദ്ധതിക്കായി 100 സാമൂഹ്യ പഠനമുറിയുടെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി ആകെ 1,57,51,609/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ